## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം : 552** **27.09. 2011-ൽ മറുപടിക്ക്.**

### ഹജ്ജ് തീർത്ഥാടനത്തിനുള്ള ക്രമീകരണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ബി. അബ്ദുൾ റസാക്<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിനുള്ള ക്രമീകരണങ്ങൾ എന്തെല്ലാം പൂർത്തീകരിച്ചുവെന്നും കേരളത്തിൽ നിന്നും എത്ര ഹാജിമാരെയാണ് അയയ്ക്കുന്നതെന്നും വ്യക്തമാക്കുമോ ; | : (എ) ഈ വർഷത്തെ ഹജ്ജ് തീർത്ഥാടനത്തിന് തെരഞ്ഞെടുക്കപ്പെട്ടവരുടെ പാസ്പോർട്ടുകളും അപേക്ഷകളും കേന്ദ്ര ഹജ്ജ് കമ്മിറ്റി ആഫീസിൽ സമർപ്പിച്ച് വിസ അടിച്ച 7695 പാസ്പോർട്ടുകൾ കൈപ്പറ്റിയിട്ടുണ്ട്. ബാക്കിയുള്ളവരുടെ രേഖകൾ ശരിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിയുക്തഹാജിമാർക്കായി കേരളത്തിലെ വിവിധ ജില്ലകളിലായി 20 കേന്ദ്രങ്ങളിൽ വെച്ച് സാങ്കേതിക പഠന ക്ലാസ്സുകൾ സംഘടിപ്പിച്ചിട്ടുണ്ട്. ഹാജിമാർക്കുള്ള പോളിയോ, മെനിഞ്ജൈറ്റിസ് കുത്തിവെപ്പുകൾ ഡി.എം.ഒ. ഓഫീസുകൾ മുഖേന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹാജിമാരോടൊപ്പം തെരഞ്ഞെടുക്കപ്പെട്ട 20 വോളണ്ടിയർമാർ യാത്ര തിരിക്കുന്നുണ്ട്. കേരളത്തിൽ നിന്നും ഈ വർഷം ഹജ്ജിന് 7993 അപേക്ഷകർക്കാണ് കേന്ദ്ര ഹജ്ജ് കമ്മിറ്റി മുഖേന അനുമതി ലഭിച്ചത്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ ഡിസ്ക്രീഷനറി ക്വാട്ടയിൽ നിന്നും 295 പേർക്കും കൂടി അനുമതി ലഭിച്ചിട്ടുണ്ട്. |

(മറുപുറം)

| | |
|---|---|
| (ബി) അപേക്ഷകരുടെ ബാഹുല്യം കാരണം കേരളത്തിൽ നിന്നുള്ള ഹജ്ജ് ക്വാട്ട വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം നൽകാമോ ? | : (ബി) കേരളത്തിൽ നിലവിലുള്ള മുസ്ലീം ജനസംഖ്യ മാനദണ്ഡമാക്കിയുള്ള ക്വാട്ട സംവിധാനം ഒഴിവാക്കി അപേക്ഷകരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ ക്വാട്ട നിശ്ചയിക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ കേന്ദ്ര ഹജ്ജ് കമ്മിറ്റിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ക്വാട്ട വർദ്ധിപ്പിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ